File No.LSGD-EU2/58/2017-LSGD

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കൊച്ചി നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ ടി.കെ ഗിരി - അച്ചടക്ക നടപടി- തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.2151/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/10/2019

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 11.07.2016 തീയതിയിലെ ഇ7(എസ്.സി 13/2016/സിആർഇ)8576/2016 നം. കത്ത്

2 സർ ക്കാരിന്റെ 09.03.2017തീയതിയിലെ ഇയു2-58/2017-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യ ഡയറക്ടറുടെ 12.03.2019തീയതിയിലെ വി3-8713/17 നമ്പർ കത്ത്.

ഉത്തരവ്

കൊച്ചി നഗരസഭയിലെ 19-ാം സർക്കിൾ ഓഫീസിൽ 08.04.2018-ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കൊച്ചി നഗരസഭയിലെ 19-ാം സർക്കിളിൽ 2015-16 വർഷത്തിൽ ഡി & ഒ ലൈസൻസിനായി ലഭിച്ചിരുന്ന 955 അപേക്ഷകളിൽ 155 അപേക്ഷകൾക്ക് മാത്രമേ നിശ്ചിത ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകിയിട്ടുള്ളൂ എന്നും ശ്രീമതി കെ. വി സന്ധ്യ ഡി & ഒ ലൈസൻസിനു വേണ്ടി സമർപ്പിച്ച അപേക്ഷ പ്രകാരം സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകിയിട്ടില്ലെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി ക്രമക്കേടിന് ഉത്തരവാദിയായ കൊച്ചി നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ ടി.കെ ഗിരിയ്ക്ക് പരാമർ ശം 2പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. ആയതിന് ടിയാൻ ലഭ്യമാക്കിയിട്ടുള്ള മറുപടിയിൽ കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2. കുറ്റാരോപണ മെമ്മോ ക്ക് ശ്രീ ടി.കെ ഗിരി സമർപ്പിച്ച മറുപടി പ്രകാരം കൊച്ചി നഗരസഭയിൽ ഡി&ഒ ലൈസൻസ് നൽകുന്നത് ഹെൽത്ത് ഓഫീസർ ഒപ്പിട്ടാണ് എന്നും ഡി&ഒ ലൈസൻസിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ വാർഡ് ചുമതലയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശുപാർശ ചെയ്ത് സമർപ്പിക്കുമ്പോൾ ടി അപേക്ഷ ഹെൽത്ത് ഓഫീസർക്ക് ശുപാർശയോടെ സമർപ്പിക്കുകയാണ് നഗരസഭയിലെ എല്ലാ

ഹെൽത്ത് ഇൻസ്പെക്ടർമാരും ചെയ്തുവരുന്നത് എന്നും ലഭിച്ചിട്ടുള്ള അപേക്ഷയിൽ പരിശോധന പൂർത്തിയാക്കി ലൈസൻസിനായി ശുപാർശ ചെയ്യണമെന്ന് വാർഡ് ചുമതലയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ് എന്നും അറിയിക്കുന്നു. ഇപ്രകാരം അന്വേഷണം പൂർത്തിയാക്കി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ നൽകുന്ന അപേക്ഷകൾ അന്നേ ദിവസം തന്നെ ലൈസൻസ് ഒപ്പിടുന്നതിനായി ഹെൽത്ത് ഓഫീസർക്ക് അയയ്ക്കാറുള്ളതായും വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോയുടെ പരിശോധനാ വേളയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ ശുപാർശ ചെയ്ത അപേക്ഷകൾ ഒന്നും തന്നെ ടിയാൻ കൈവശം വച്ചിട്ടില്ലാത്തതാണ് എന്നും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിരന്തരമായി ഫീൽഡിൽ പോകേണ്ടി വരുന്നതും, പരാതികൾ, മറ്റ് ഇതര പ്രവർത്തനങ്ങൾ കൂടി ഇതിനോടൊപ്പം ചെയ്യേണ്ടതിനാലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ ലൈസൻസ് അപേക്ഷകൾ പരിശോധിച്ച് ശുപാർശ ചെയ്യുന്നതിന് കാലതാമസം വരുത്താറുണ്ട് എന്നും എന്നാൽ ലൈസൻസ് ആവശ്യപ്പെട്ട് വരുന്നവർക്ക് കാലതാമസം ഉണ്ടാകാതെ ലൈസൻസ് നൽകാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നതായും. ലൈസൻസ് നൽകുന്നതിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ ഏകോപിപ്പിക്കുന്നതിൽ വീഴ്ച വന്നിട്ടുള്ളത് സമ്മതിക്കുന്നതായും ഈ വീഴ്ച ബോധപൂർവ്വമോ അപേക്ഷകരെ ബുദ്ധിമുട്ടിച്ച് കാര്യലാഭമുണ്ടാകുന്നതിനുള്ള ശ്രമമോ ആയിരുന്നില്ലായെന്ന് ശ്രീ ടി. കെ ഗിരി മറുപടിയിൽ ബോധിപ്പിച്ചിരുന്നു. കൂടാതെ വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോയ്ക്ക് പരാതി നൽകിയിട്ടുള്ള ശ്രീമതി സന്ധ്യയുടെ സ്ഥാപനത്തിന് ലൈസൻസ് ലഭിക്കുന്നതിന് ഹെൽത്ത് ഇൻസ്പെക്ടർ ആയ തനിയ്ക്കോ നഗരസഭാ സെക്രട്ടറിക്കോ പരാതി നൽകിയിട്ടില്ലാത്തതാണെന്നും അപേക്ഷകയെ നേരിട്ട് കണ്ടിട്ടുള്ളത് ബന്ധപ്പെട്ട വാർഡ് ചുമതലയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആണെന്നും, തന്റെ 25 വർഷത്തെ മുനിസിപ്പൽ സർവ്വീസ് കാലഘട്ടത്തിൽ ഗുരുതരമായ അച്ചടക്ക ലംഘനത്തിനോ കൃത്യവിലോപത്തിനോ യാതൊരു വിധ പരാതിയോ നടപടിയോ ഉണ്ടായിട്ടില്ല എന്നതും, താൻ 31.01.2017 - ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്നതും പരിഗണിച്ച്, കുറ്റാരോപണ പത്രികയിൽ പ്രതിപാദിക്കുന്ന വിഷയത്തിന്മേൽ ബോധപൂർവ്വമായി യാതൊരു കാലതാമസവും വരുത്തിയിട്ടില്ലാത്തതിനാൽ, ടിയാന്റെ ഭാഗത്ത് നിന്നും സംഭവിച്ച വീഴ്ച മാപ്പാക്കി അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കുന്നതിന് ശ്രീ ടി. കെ ഗിരിയുടെ മറുപടിയിൽ അപേക്ഷിച്ചിരുന്നു .

3. കൊച്ചി നഗരസഭയിലെ 19-ാം സർക്കിളിൽ കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ ബന്ധപ്പെട്ട വിഷയത്തിന്മേൽ പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ശ്രീമതി കെ . വി സന്ധ്യയുടെ "Hang out De Cafe Coffee Shop" എന്ന സ്ഥാപനത്തിന് ഡി & ഒ ലൈസൻസിനായി സമർപ്പിച്ച 26.02.2016 - ലെ അപേക്ഷയിന്മേൽ 04.05.2016 - ൽ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ചെയ്യുന്നതിനായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുന്നതായി ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ ടി.കെ. ഗിരി ഫയലിൽ രേഖപ്പെടുത്തുകയും സ്ഥല പരിശോധന സമയത്ത് സ്ഥാപനം അടച്ചിട്ടിരിക്കുന്നതായി 05.05.2016 - ൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. വീണ്ടും ടി സ്ഥാപനം തുടർന്ന് പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയതായും ആയതിന് ശേഷം നിശ്ചിത ലൈസൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ ടി.കെ.ഗിരി ഫയലിൽ ശുപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ 12.05.2016 - ന് ഹെൽത്ത് ഓഫീസർ ലൈസൻസ്

അനുവദിച്ചതായും നഗരസഭ ഫയലിൽ കാണുന്നുണ്ടെന്ന് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. കൊച്ചി നഗരസഭയിലെ 19-ാം സർക്കിളിലെ ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോയുടെ റിപ്പോർട്ടിൽ പരാമർശിക്കുന്ന അത്രയും ഒറിജിനൽ ഡി & ഒ ലൈസൻസുകൾ മാത്രമേ അപേക്ഷകർക്ക് നൽകിയതായി കാണുന്നുള്ളൂ . നിശ്ചിത ഫോറത്തിലുള്ള ഒറിജിനൽ ലൈസൻസ് ആവശ്യപ്പെട്ട് വരുന്നവർക്ക് മാത്രമാണ് ലൈസൻസ് നൽകി വരുന്നതെന്നും കൊച്ചി നഗരസഭയിലെ 1 9 -ാം സർക്കിളിൽ ഏകദേശം 1250 വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നതും അവയിൽ 95% സ്ഥാപനങ്ങളും ഫെബ്രുവരി/മാർച്ച് മാസങ്ങളിൽ ഡി&ഒ ലൈസൻസിനായി അപേക്ഷ സമർപ്പിക്കുകയും ആയതിലേയ്ക്ക് യോഗ്യമായ ഫീസ് ഒടുക്കുകയും ചെയ്തു വരുന്നതായും നഗരസഭയിൽ ഡി& ഒ ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകളിന്മേൽ വാർഡ് പരിശോധനയ്ക്കായി നിയോഗിക്കുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ പരിശോധന നടത്തി ശുപാർശ ചെയ്താൽ മാത്രമേ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ഒറിജിനൽ ലൈസൻസിനായുള്ള അനുമതിയ്ക്കായി ഹെൽത്ത് ഓഫീസറുടെ പക്കലേയ്ക്ക് അയയ്ക്കുവാൻ സാധിക്കുകയുള്ളുവെന്ന് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ കൊച്ചി നഗരസഭയിലെ 19-ാം സർക്കിളിൽ, രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ ടി. കെ ഗിരി, 10.09.2014 മുതൽ 31.01.2017 വരെ സേവനമനുഷ്ഠിച്ചിരുന്നുവെന്നും കേരള മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥ മൂലം ലൈസൻസ് സർട്ടിഫിക്കറ്റ് ഒരു അത്യാവശ്യമല്ലാത്തതിനാലും ഭൂരിഭാഗം ലൈസൻസികളും സർട്ടിഫിക്കറ്റുകൾ വാങ്ങാറില്ല എന്നും പരാതിക്കാരിയായ ശ്രീമതി കെ.വി സന്ധ്യ പ്രസ്തുത കാലയളവിൽ ഒരിക്കൽ പോലും സർട്ടിഫിക്കറ്റിനായി ഓഫീസിനെ സമീപിച്ചിട്ടില്ലായെന്നും ആയതിനാലാണ് ടിയാരിക്ക് പ്രത്യേകമായി ലൈസൻസ് സർട്ടിഫിക്കറ്റ് നൽകുവാൻ കഴിയാത്തതെന്നും പരിശോധനാ സമയത്ത് ശ്രീ കെ.പി.ഗിരി മറുപടി നൽകിയതായി കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

5. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം നിശ്ചിത ഫോറത്തിലുള്ള ഒറിജിനൽ ലൈസൻസ് ആവശ്യപ്പെട്ടു വരുന്നവർക്ക് മാത്രമാണ് നൽകുന്നതെന്ന് ആരോപണവിധേയനായ ശ്രീ ടി . കെ. ഗിരി മറുപടി സമർപ്പിച്ചിട്ടുള്ളതും അപ്രകാരമാണ് നിലവിലും നൽകി വരുന്നതെന്നും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് എന്നും. ശ്രീ ടി . കെ ഗിരി 10.09.2014 മുതൽ 31.01.2017 വരെ കൊച്ചി നഗരസഭയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ പൊതു ജനങ്ങളിൽ നിന്നോ സർക്കാരിൽ നിന്നോ മറ്റ് തരത്തിലുള്ള പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടുള്ളതായി പരിശോധനാ വേളയിൽ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലായെന്നുമുള്ള മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ശ്രീ ടി.കെ ഗിരി 31.01.2017- ൽ സർവ്വീസിൽ വിരമിച്ചിട്ടുള്ളതിനാലും ടിയാന്റെ ഭാഗത്തു നിന്നും മന : പൂർവ്വമായി വീഴ്ച വരുത്തിയിട്ടുള്ളതായി കണക്കാക്കാതെ മാനുഷിക പരിഗണന നൽകി ടിയാന്റെ മറുപടി അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നുള്ള വിവരം നഗരകാര്യഡയറക്ടർ അറിയിക്കുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട് നഗരകാര്യഡയറക്ടറുടെ ശുപാർശ എന്നിവ സഹിതം പരിശോധിച്ചതിൽ ആരോപണവിഷയത്തിൽ കൊച്ചി നഗരസഭയിലെ 19-ാം സർക്കിളിൽ ഹെൽത്ത് ഇൻസ്പെക്ടർ ആയ ശ്രീ ടി. കെ. ഗിരിയുടെ ഭാഗത്ത് നിന്നും മനപൂർവ്വമായ വീഴ്ചകൾ ഉണ്ടായിട്ടുള്ളതായി കാണുന്നില്ല എന്നതിനാൽ 31.01.2017- ൽ സർവ്വീസിൽ വിരമിച്ചിട്ടുള്ള ടിയാനെതിരായി വിജിലൻസ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർനടപടികൾ

ഒഴിവാക്കിക്കൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരളസംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീ ടി. കെ ഗിരി, ഹെൽത്ത് ഇൻസ്പെക്ടർ കൊച്ചി നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

വിജിലൻസ്(ഡി)വകുപ്പ് ( 16.04.2019 തീയതിയിലെ VIG-D1/270/2019-VIG- നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ